

PANDALLUR HSS

# കുട്ടിക്കൂട്ടം

DIGITAL MAGAZINE 2019-20

# ഉള്ളടക്കം


വൈക്കംമുഹമ്മദ് ബഷീർ.........................................................................2

ജനനം.........................................................................................................4

തനിച്ച്.........................................................................................................5

കേരളത്തിന്റെ സ്റ്റീഫൻഹോക്കിങ്..................................................................6

പ്രകൃതിക്കെന്തിനീവെറുപ്പ്...........................................................................7

നിഴൽ.........................................................................................................9

ഹെൻറി ഡബ്ല്യു സീലി.................................................................................10

നിങ്ങൾക്കറിയാമോ ?...................................................................................12

കഥകളി......................................................................................................14



## വൈക്കംമുഹമ്മദ് ബഷീർ

ചുട്ടു പൊള്ളുന്ന യാഥാർത്ഥ്യങ്ങളെ അക്ഷരങ്ങളിൽ ആവാഹിച്ചെഴുതിയ അതുല്യ സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീർ 1908 january 19 ന് കോട്ടയം ജില്ലയിലെ വൈക്കത്തിന് സമീപം തലയോലപ്പറമ്പിൽ ജനിച്ചു.തിരുവിതാംകൂർ രാജ്യത്തെ പ്രജയായിട്ടാണ് ബഷീർ ജനിക്കുന്നത്.

ഭാരതം ഒരിതിഹാസമാണെന്നും,ഇതിഹാസം പഴയതാണെന്നും അറിയുവാനുള്ള പാണ്ഡിത്യം ബഷീറിനുണ്ടായിരുന്നില്ല.പക്വത എന്ന വാർധക്യവും ബഷീറിനുണ്ടായിരുന്നില്ല.അത് കൊണ്ട് തിളച്ച് മറിയുന്ന തൻറെ ഭാരതത്തിലൂടെ അദ്ദേഹം ഉഴറ്റി നടക്കുകയും ഇവിടെ പാകം ചെയ്യുന്നതാണ് ചരിത്രമെന്ന് താനാണ് തൻറെ നാടിൻറെ ചരിത്രമെന്ന് അറിയുകയും ചെയ്തു.താൻ ഉച്ചരിക്കുന്നതാണ് വാക്കെന്നും താനെഴുതുന്നതാണസാഹിത്യമെന്നും ബഷീർ തെളിയിച്ചു.

എട്ടാം വയസ്സിലാണ് ബഷീറിനെ സ്കൂളിൽ ചേർക്കുന്നത്.തലയോലപ്പറമ്പ് എൽ.പി.സ്കൂളിലും പിന്നെ വൈക്കം ഇംഗ്ലീഷ് ഹൈസ്കൂളിലും ചേർന്നു.അവിടെ ഫിഫ്ത് ഫോമിൽ പഠിക്കുമ്പോഴാണ് വൈക്കം സത്യാഗ്രഹം.ഗാന്ധിയുടെ ആശയാദർശങ്ങളിൽ ആകൃഷ്ടനായഖദർ ധരിച്ച് നടക്കുന്നതിനും എന്നും സത്യാഗ്രഹ പന്തലിൽ ചെന്നിരിക്കുന്നതിനും രാജ ഭക്തനായ ഹെഡ്മാസ്റ്റർ ആ വിദ്യാർത്ഥിയെ ശാസിക്കാറുണ്ടായിരുന്നു.

സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ടതോടെ ബഷീർ വീട് വിട്ടു.പിന്നീട് 1930 ലാണ് മടങ്ങിയെത്തുന്നത്.അക്കൊല്ലം തന്നെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ കോഴിക്കോട്ടേക്ക് പോയി. ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.കോഴിക്കോട് സബ്ജയിലിൽ തടവുകാരനായി.പിന്നീട് കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി.ഗാന്ധി-ഇർവിൻ

സന്ധി അനുസരിച്ച് കാലാവധി തീരും മുമ്പേ വിട്ടയച്ചു (1931).അക്കൊല്ലം തലയോലപ്പറമ്പിൽ മടങ്ങിയെത്തി.

ബാല്യകാലസഖി,പാത്തുമ്മയുടെ ആട്,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു എന്നീ കൃതികൾ ഇന്ത്യയിലെ വിവിധ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു.ഇവ എഡിൻ ബറോ യൂണിവേഴ്സിറ്റി പാഠപുസ്തകമാക്കിയിട്ടുണ്ട്.

നോവലോ ചെറുകഥയോ അല്ലാത്ത മറ്റൊരു കഥാരൂപം മലയാളത്തിന് പരിചയപ്പെടുത്തിയ എഴുത്തുകാരനാണ് ബഷീർ. ചെറുകഥയേക്കാൾ ദൈർഘ്യമുള്ളതും നോവൽ എന്നു വിളിക്കാൻ പറ്റാത്തതുമായ ഈ കഥാരൂപം തുടർ കഥയാ വിവിധ അവാർഡുകൾ കരസ്ഥമാക്കിയ ബഷീർ 1994 ജൂലൈ -5 ന് നിര്യാതനായി.

നിദ ഫാത്തിമ.കെ 9D

# ജനനം




കരഞ്ഞ് കൊണ്ടാണ് എല്ലാവരും
ഭൂമുഖത്ത് പിറന്ന് വീണത്

എല്ലാം നേടിയെന്ന ഭാവത്തിൽ
മുഷ്ടി ചുരുട്ടികൊണ്ട്
മഹത്വകരമായ രീതിയിലാണ്
ദൈവം നമ്മേ സൃഷ്ടിച്ചത്.
ആരേയും ദൈവം വികൃത
രൂപത്തിൽ ജനിപ്പിച്ചിട്ടില്ല
മക്കളുടെ കരച്ചിൽ കണ്ട് അമ്മ
ചിരിക്കുന്ന ഒരേയൊരു ദിവസം

**നിഷ ഇ കെ** 9D

## തനിച്ച്



തനിച്ചിരിക്കാൻ എനിക്കിഷ്ടമാണ്
കാരണം, അന്നേരം എൻ മനം
ചൂളമടിച്ചോടുന്ന ഒരു തീവണ്ടി
അത് കാടും മേടും കടന്ന്
മലയും കുന്നും ചെറുതോടും താണ്ടി
അങ്ങ് ദൂരേക്ക് പോകും

ആയിരം നക്ഷത്രങ്ങൾ കണ്ണുചിമ്മുന്ന
ആ വലിയ മാനത്തേക്ക്
അപ്പോൾ ഞാൻ ഒറ്റക്കാകില്ല;
എനിക്കായിരം താരങ്ങൾ കൂട്ടിരിക്കും
അന്നേരം ഞാനാപപ്പടവട്ടത്തിലുള്ള
അമ്പിളിമാമനായ് മാറും.........




## കേരളത്തിന്റെ സ്റ്റീഫൻഹോക്കിങ്

**അലങ്കാരത്തിനുപയോഗിക്കുന്ന എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ച് എന്തു കൊണ്ട് വെളിച്ചം തരുന്ന വൈദ്യുതിവിളക്ക് നിർമിച്ചു 2005-ൽ ജോൺ സൺ എന്ന കോഴിക്കോട്കാരന്റെ ചിന്ത പോയ വഴിയാണിത്.കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ട്യൂബ് ലൈറ്റുകൾ നിർമിച്ച് നാട്ടിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കണ്ട ആ മിടുക്കനെ സംബന്ധിച്ചെടുത്തോളം അതൊരു വെല്ലുവിളിയേ ആയിരുന്നില്ല.കുറഞ്ഞ വൈദ്യുതിയിൽ കൂടുതൽ പ്രകാശം പരത്തുന്ന എൽ.ഇ.ഡി വിളക്കുകൾ അദ്ദേഹം നിർമിച്ചു.ചൂടും അന്തരീക്ഷ  മലിനീകരണവും ഉണ്ടാകാത്ത ഇലക്ട്രിക് വിളക്കുകൾ .നാടിന് വെളിച്ചം നൽകിയ ജോൺ സന്റെ ജീവിതം പുസ്തകമായിട്ടുണ്ട്.അതിന്റെ പേരെന്തെന്നൊ ജോൺ സൺ വെളിച്ചത്തെ പ്രണയിച്ച ഒരാൾ.**



# പ്രകൃതിക്കെന്തിനീവെറുപ്പ്...

പച്ചയാം വിരിപ്പ് നീ വലിച്ചിടുന്നോ
എൻ ഗ്രാമത്തെ നീ പുതപ്പിക്കുന്നോ
എൻ ഗ്രാമമെത്ര സുന്ദരം
നിൻ സൃഷ്ടികളാൽ മനോഹരം

ഇന്നിതാ, ജലകണികകൾ മാത്രം
ചുറ്റും പ്രളയക്കെടുതികൾ മാത്രം
ഡാമും റോഡും നിറഞ്ഞൊഴുകി....
തോടും, പുഴയും കവിഞ്ഞൊഴുകി....
മരണവും ദുഃഖവും വന്നുചേരും
നിമിഷമിതെത്ര കഠിനകാലം

കേരളം നാളെയെ ജാഗ്രതായ്

കരുതുന്ന മാനവ സൃഷ്ടികളാൽ.
നേരം പുലരും നേരമിതോ ,
വീടിനകത്തോ വെള്ളമിത്.

ചടപട ശബ്ദമായ് പായും നേരം
ജീവൻ രക്ഷിക്കുമെന്ന മാത്രം
ഓണവുമില്ല,സദ്യയുമില്ല,മാവേലിയില്ല
സന്തോഷനിമിഷങ്ങളില്ല..

ചുറ്റും അശ്വാസക്യാമ്പുകൾ മാത്രം
മറുതുണിയില്ലാ ഭക്ഷണമില്ലാ
മിഴികൾ നിറയും നിമിഷമിതാദ്യം

നാവികസേനയും ബോട്ടുകളും
സംരക്ഷകരായ് ഉത്ഭവിച്ചു...
പല പല നഗരവും അടിമകളായ്
ഒഴുകും നാടിത് മാമലനാട്..

ഒറ്റക്കെട്ടായ് നേരിടും ജനത
മലയാളക്കര കണ്ടൊരു ജനത
പുണ്യപുരാതന കേരള ജനത
സർവസ്വരൂപിയാം മലയാള ജനത...

അംബില വിനോദ് പി



# നിഴൽ

കട്ടിയിരുട്ടിൻ വിജനമാം വീഥിയിൽ......

പട്ടാപകലിൻ വെണ്മയിലും......

നിഗൂഢമാം നിരാശതൻ പടുകുഴിയിൽ

വഴുതി വീഴവേ..... പകച്ചു-

നിൽക്കേവ.........

വ്യവസ്ഥരഹിതമായി....താങ്ങായി....

തണലായി....കൂട്ടിന്.....

എൻ നിഴൽ മാത്രം.....

എന്നെന്നും കൈവെടിയാത്ത


ആത്മസുഹൃത്തായി



# ഹെൻറി ഡബ്ല്യൂ സീലി

**വേ**ഷം നന്നായാൽ തന്നെ പകുതി വ്യക്തിത്വമായി. അതിനു സഹായിക്കുന്ന ഒരുപകരണമാണ് ഇസ്തിരിപ്പെട്ടി അഥവാ അയേൺ ബോക്സ്.

പണ്ടു കാലത്ത് പാത്രത്തിൽ തിളച്ച വെള്ളമെടുത്ത് വസ്ത്ർങ്ങൾക്കു മീതെ കൂടി തേച്ചായിരുന്നു ചുളിവുകൾ തീർത്തിരുന്നത്. വൈദ്യുതി കണ്ടു പിടിക്കുന്നതിനു മുമ്പു തന്നെ ഇരുമ്പ്, ചെമ്പ്, പിത്തള പോലുള്ള ലോഹങ്ങൾ ഉപയോഗിച്ച് ഇസ്തിരിപ്പെട്ടികൾ ഉണ്ടാക്കിപ്പോന്നു. തീയിൽ വെച്ച് ചൂടാക്കിയെടുക്കുന്ന ഈ ഇസ്തിരിപ്പെട്ടികൾ ആദ്യകാലത്ത് തീർത്തും അപകടകാരികളായിരുന്നു. വസ്ത്റങ്ങൾ ചൂടേറ്റ് കത്തിപ്പോകുന്നതിനു പുറമേ മനുഷ്യരെ പരുക്കേൽപിച്ചിരുന്നു.



1870- ലാണ് മേരിപ്പേട്ട്സ് എന്ന പത്തൊമ്പതുകാരി സുന്ദരമായൊരു ഇസ്തിരിപ്പെട്ടി കണ്ടുപിടിച്ചത്. പിൽക്കാലത്ത് വൈദ്യുതി കണ്ടുപിടിച്ചതോടെ ഇസ്തിരിപ്പെട്ടിയും പുതിയ മേഖലയിലേക്ക് പ്രവേശിച്ചു. അമേരിക്കക്കാരനായ ഹെൻറി ഡബ്യു സീലിയാണ് 1882 ൽ ആദ്യത്തെ വൈദ്യുതി ഇസ്തിരിപ്പെട്ടി കണ്ടുപിടിച്ചത്.

മൂന്നര കിലോഗ്രാം ഭാരമുണ്ടായിരുന്ന സീലിയുടെ ഇസ്തിരിപ്പെട്ടി ചൂടാകണമെങ്കിൽ കൂടുതൽ സമയം ആവശ്യമായിരുന്നു. ഇത് പിന്നീട് നശിച്ചുപോയി.

സീലിയുടെ യഥാർത്ഥ നാമം ഹെൻറി സീലി വൈറ്റ് എന്നാണ്. ന്യൂയോർക്കിലെ കാസനോവയിൽ 1861 മെയ് 20-നാണ് അദ്ദേഹം ജനിച്ചത്. 21ാം വയസ്സിൽ ഗ്രാഡ്വേഷൻ

പാസായ അദ്ദേഹം ഗണിതത്തിൽ വലിയ താത്പര്യമായിരുന്നു. സീലിയുടെ തത്ത്വം ഉപയോഗിച്ചാണ് പിന്നീട് ക്രോംവറ്റൻ ആന്റ് ഗ്രീവ്സ് കമ്പനിയും ചേർന്ന് 1892 ൽ വൈദ്യുതിയിൽ നിന്നും നമ്മെ രക്ഷിക്കുന്ന സുരക്ഷാകവചം അടങ്ങിയ ഇസ്തിരിപ്പെട്ടി നിർമിച്ചത്.

പിന്നീട് പല മാറ്റങ്ങളും ഇസ്തിരിപ്പെട്ടിയിൽ വന്നിട്ടുണ്ട്. ഇന്നത്തെ ഇസ്തിരിപ്പെട്ടിയുടെ ചൂടുപ്രതലം അലുമിനിയം അല്ലെങ്കിൽ തുരുമ്പ് പിടിക്കാത്ത ഇരുമ്പ് എന്നിവ കൊണ്ടാണ് നിർമിക്കുന്നത്. ഇതിലെ താപത്തെ തെർമോസ്റ്റ് കൊണ്ട് നിയന്ത്രിക്കുന്നു.

വൈദ്യുതി ഇസ്തിരിപ്പെട്ടിയുടെ ഉപജ്ഞാതാവായ ഹെൻറി ഡബ്ല്യൂ സീലി 1943 മെയ് 20 ന് അന്തരിച്ചു.



## നിങ്ങൾക്കറിയാമോ ?

- ജലത്തിന്റെ അടിസ്ഥാന മൂലകം കാർബണാണ്.
- കൃത്രമ ഹൃദയവാൽവ് നിർമിക്കാനുപയോഗിക്കുന്ന പ്ലാസ്റ്റിക് ടെഫ്ലോണാണ്.
- ചോക്ലേറ്റിലടങ്ങിയ ആസിഡാണ് ഓക്സാലിക്ക് ആസിഡ്.
- Rubik's cube കണ്ടുപിടിച്ചത് എർണോ റൂബിക്കാണ്.
- ബാർബിപാവ നിർമിച്ചത് റൂത്ത്ഹാൻഡലർ.
- ച്യൂയിങ്ഗം നിരോധിച്ച രാജ്യം ആണം സിംഗപ്പൂർ.
- മൂങ്ങകളുടെ കൂട്ടത്തിന് ഇംഗ്ലീഷിൽ പറയുന്ന പേര് parliament എന്നാണ്.
- ജിറാഫിന്റെ ഹൃദയ ഭാരം 11 kg ആണ്.
- ഒരു വ്യക്തി സ്വന്തമാക്കിയ ഇന്ത്യൻ നദിയാണ് ഷിയോനാഥ്.
- Bombay duck എന്നത് താറാവല്ല ഒരു തരം മീനാണ്.
- ലോകത്താദ്യമായി നിരോധിച്ച രാജ്യമാണ് ഗ്രീസ്.



## കഥകളി

കേരളത്തിന്റെ തനതു കലാരൂപങ്ങളിൽ ലോകപ്രശസ്തമായ ഒന്നാണ്കഥകളി. ആകാരഭംഗികൊണ്ട് ഏവരേയും ആകർഷിക്കുന്നതും

മേളം, താളം, രാഗം എന്നിവ ഒത്തിണങ്ങിയതുമായ ഒരു കലാരൂപമാണിത്. കൃഷ്ണനാട്ടത്തിലൂടെയും രാമനാട്ടത്തിലൂടെയും രൂപാന്തരപ്പെട്ട വന്നതാണ് കഥകളി. കോട്ടയത്തു തമ്പുരാൻ തുടങ്ങിയ ഒരുപാട് മഹാന്മാർ ഇതിന്റെ വികാസത്തിനെ സ്വാധീനിച്ചിട്ടുണ്ട്. കല്ലുവഴി, കല്ലടിക്കോടൻ, കാറ്റുങ്ങൽ, കപ്ലങ്ങാടൻ എന്നീ കളരിസമ്പ്രദായങ്ങളിൽ കൂടിയാണ് കഥകളി വികസിച്ചത്. ഇതിൽ കല്ലടിക്കോടനും കാറ്റുങ്ങയും കല്ലുവഴിയിൽ ലയിച്ചു.

വളരെ കാലത്തെ അഭ്യസനത്തിന ശേഷമാണ് ഒരു കലാകാരൻ ജനിക്കുന്നത്. കളരിയിൽ പുലർച്ചെ 3 മണിക്ക് തുടങ്ങുന്ന അഭ്യാസം രാത്രി എകദേശം 10 മണിയോടെയാണ് കഴിയുക. കണ്ണുസാധകം, മെയ്യുറപ്പടവ്, ഉഴിച്ചിൽ തുടങ്ങിയ കാഠിന്യമേറിയ അഭ്യസങ്ങൾക്ക് പുറമേ വേഷം കെട്ടി ശീലിക്കുകകൂടി ചെയ്താലേ ഒരു നല്ല നടനാവാൻ സാധിക്കു.. കഥകളി നടന്മാർ എന്ന പറയുമ്പോൾ വേഷക്കാർക്കു പുറമേ പാട്ട്, ചെണ്ട, മദ്ദളം, ചുട്ടി തുടങ്ങിയവയും പെടുന്നു.

ഒരുപാട് സമയമെടുത്ത് ഒരുങ്ങിയാണ് ഓരോ വേഷക്കാരും അരങ്ങത്തേക്ക് വരുന്നത്. മനയോല എന്ന ധാതുപദാർത്ഥമാണ് മുഖത്തേപ്പിലെ മുഖ്യഘടകം. ഇതിൽ നിന്ന് പല നിറങ്ങൾ ഉണ്ടാക്കുന്നു. ഉടുത്തുകെട്ട്, ആടയാഭരണങ്ങൾ, അവസാനം കിരീടം. ഇവയ്ക്ക് പുറമേ കണ്ണ് ചുവയ്ക്കാൻ ചുണ്ടപ്പൂവും കൈയിൽ നഖവും ഇടുന്നു. പച്ച, കത്തി, കരി, താടി, മിനുക്ക് തുടങ്ങിയവയാണ് കഥകളിയിലെ പ്രധാന വേഷങ്ങൾ. ചെണ്ട, മദ്ദളം,

ചേങ്ങില, ഇലത്താളം തുടങ്ങിയ വാദ്യങ്ങളും ഉപയോഗിക്കുന്നു.

മദ്ദളധ്വനിയാലാണ് കഥകളി ആരംഭിക്കുക. പാട്ടുകാർ രാഗവും, വന്ദനശ്ലോകവും പാടുന്നു. അതിനു ശേഷം അവതരിപ്പിക്കുന്ന കഥയിലെ ആദ്യത്തെ ശ്ലോകം പാടും. ആ സമയത്താണ് വേഷക്കാർ അരങ്ങത്തേക്ക് വരിക. മുദ്രകൾ കൊണ്ടാണ് വേഷക്കാർ സംവദിക്കുക. അതുകൊണ്ടുതന്നെ ഒരുപാട് കണ്ട പരിചയം ഇല്ലാത്തവർക്ക് ഇത് മനസ്സിലാവില്ല. മദ്ദളധ്വനിയിലാണ് കഥകളി അവസാനിക്കുന്നതും.

ശുഭം